## യൂണിറ്റ് 12:   സ്കൂൾവിക്കിയിലെ ടൈപ്പിംഗ്

- സ്കൂൾവിക്കിയിൽ മലയാളത്തിൽത്തന്നെ ഉള്ളടക്കം ചേർക്കണം. ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ഉണ്ട് എന്നത് ഇംഗ്ലീഷ് ഉള്ളടക്കം ചേർക്കാൻ ന്യായീകരണമാവുന്നില്ല.
- മലയാളം മീഡിയം നിലവിലില്ലാത്ത കന്നടമാധ്യമം, തമിഴ്മാധ്യമം വിദ്യാലയങ്ങൾക്ക് അതാത് ഭാഷയിലെ ഉള്ളടക്കം ചേർക്കാം.

- **സ്കൂൾവിക്കിയുമായി ബന്ധപ്പെട്ട് നടത്തിയ ഒരു അഭിപ്രായ സർവ്വേയിൽ രേഖപ്പെടുത്തപ്പെട്ട ഒരു പ്രധാന പ്രശ്നം മലയാളം ടൈപ്പിങ് ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടാണ്.**

## ഏങ്ങനെയെഴുതാം

- സ്കൂൾവിക്കിയിൽ മലയാളത്തിൽ ലേഖനങ്ങൾ എഴുതുന്നതിന് യൂണികോഡ് എൻകോഡിങ് രീതിയിൽ മലയാളം ഉപയോഗിക്കുന്ന ഏത് സോഫ്റ്റ്‌വെയറും ഉപയോഗിക്കാവുന്നതാണ്.
- ഉബുണ്ടുവിൽ മലയാളം ടൈപ്പിങ് എളുപ്പമാണ് എന്നോർമ്മിക്കുക.
- ഇൻസ്ക്രിപ്റ്റ് ടൈപ്പിങ്ങ് വശമുണ്ടെങ്കിൽ മിക്കവാറും എല്ലാ ഓപ്പറേറ്റിംഗ് സിസ്റ്റത്തിലും ഉള്ള ഇൻസ്ക്രിപ്റ്റ് കീബോർഡ് ഉപയോഗിച്ച് മലയാളം ടൈപ്പു ചെയ്യാവുന്നതാണ് ഏറ്റവും നല്ല രീതി.
- കീബോർഡ് ഉപയോഗിച്ചുള്ള ടൈപ്പിംഗിനുപുറമേ, **സ്മാർട്ട്ഫോൺ ഉപയോഗിച്ച്** Google Handwriting പോലുള്ള സങ്കേതങ്ങളും പ്രയോജനപ്പെടുത്താം.
- സ്മാർട്ട്ഫോൺ ഉപയോഗിച്ചാണ് തിരുത്തൽ നടത്തുന്നതെങ്കിൽ, Voice Typing ഉൾപ്പെടെ ഉപയോഗിക്കാം. Publish ചെയ്യുന്നതിന് മുൻപ് Voice Typing ലെ പിഴവുകൾ പരിഹരിക്കണം.
- ഏതെങ്കിലും ടെക്സ്റ്റ് എഡിറ്ററിൽ ലേഖനം തയ്യാറാക്കി, സ്കൂൾവിക്കിയിൽ പേസ്റ്റ് ചെയ്ത് ആവശ്യമുള്ള "വിക്കി" ഫോർമാറ്റുകൾ ക്രമപ്പെടുത്തി ലേഖനം പ്രസിദ്ധപ്പെടുത്താം.

**ഇവിടെയും വായിക്കാം**

---

**മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും പ്രയാസമുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വീഡിയോ ഫയലുകളും ഇവിടെക്കാണാം**

---

**പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.**

**ജില്ലയുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.**

**സാങ്കേതിക സഹായത്തിന് : SchoolwikiHelpDesk സന്ദർശിക്കുക**